For Private Circulation Only

July 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

" എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും .....എന്റെ സാക്ഷികൾ ആകും " (അ.പ്ര.1:8)

No.7

പരിശുദ്ധാത്മാവിന്റെ ശക്തിക്കുവേണ്ടിയുള്ള നമ്മുടെ വളരെ പ്രധാനമായ ആവശ്യം

By Samuel Chadwick

സഭ എന്നത് പരിശുദ്ധാത്മാവിന്റെ സൃഷ്ടിയാണ്. ഇത് വിശ്വാസികളുടെ സമൂഹമാണ്. അവരുടെ മതപരമായ ജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെയുള്ളത് ഒരു ബാദ്ധ്യതയായിട്ട് പരിശുദ്ധാത്മാവിന്റെ മുമ്പാകെ കൊടുത്തുതീർക്കുവാനുള്ളവരാണ് ഇവരൊക്കെ. അവനെകൂടാതെ ഇവിടെ ഒരു സഭയോ ക്രിസ്ത്യാനിയോ ഇല്ല. " പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറയുവാൻ ആർക്കും കഴിയുകയില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു " (1കൊരി. 12:3). അതുപോലെ സഭയിലേക്കുള്ള ഒരുവന്റെ പ്രവേശന സമയത്തു യേശുക്രിസ്തുവിനെ ദൈവം ആയിട്ടു അംഗീകരിച്ചു കൊണ്ടുള്ള അവന്റെ വിശ്വാസം പ്രഖ്യാപനത്തിലും ഇതു അത്യന്താപേക്ഷിതമായിരിക്കുന്നു.

പട്ടണത്തിൽ പാർത്തുകൊണ്ട് പരിശുദ്ധാത്മാവിന്റെ അത്യന്തശക്തി ഉയരത്തിൽ നിന്നു വന്നു ശക്തീകരിക്കുവാൻ വേണ്ടി കാത്തിരുന്നതുകൊണ്ട് തെളിയിക്കുന്നത് സഭയുടെ ഏറ്റവും അടിസ്ഥാനപരമായ ഘടകം പരിശുദ്ധാത്മാവാണ്. സഭയുടെ ശരിയായ വളർച്ചയ്ക്കു ഇത് അല്ലാതെ വേറെ ഒന്നും തന്നേ ഇല്ല. സഭ ഏറ്റെടുത്തേക്കാവുന്ന ധാരാളം കാര്യാദികൾക്ക് അവൻ ആവശ്യമായി വരുന്നില്ല. ഒരു പൊതു വിപണി നടത്തുവാൻ പരീശുദ്ധാത്മാവിന്റെ പ്രവർത്തനം ആവശ്യമായി വരുന്നില്ല. സോഷ്യൽ ക്ലബ്ബുകൾക്കും, സ്ഥാപനങ്ങൾക്കും പിക്നിക് പ്രോഗ്രാമുകൾക്കും സർക്കസ് നടത്തിപ്പുകാർക്ക് അവൻ ആവശ്യമായി വരുന്നില്ല. മതപരമായ സേവനങ്ങൾക്കും വ്യവസ്ഥാപിതമായ സ്ഥാപനങ്ങൾക്കു ക്രിസ്ത്യൻ സഭയുടെ യാതൊരു നിയമവശങ്ങളും ഉണ്ടാകുന്നില്ല. അങ്ങനെ ഈ മാതിരിയുള്ള അനേകം കാര്യങ്ങൾ വളർന്ന് പന്തലിക്കുന്നതിൽ പെന്തെക്കോസ്തു ദിനത്തിൽ വെളിപ്പെട്ട അഗ്നിജ്വാല പോലെയുള്ള പരിശുദ്ധാത്മാവിന്റെ ദാനം കൂടാതെ ആണ്.

ശരീരത്തിന്റെ ജീവൻ

സഭയുടെ ഉള്ളിൽ ഉള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അത് യേശുക്രിസ്തുവിന്റെ ആരോഹണസമയത്തു അവിടുന്നുള്ള വാഗ്ദത്തമാണ്, അതിന്റെ വ്യക്തമായ പ്രദർശനം അപ്പോസ്തല പ്രവർത്തികളിൽ ദർശിക്കാവുന്നതാണ്. സുവിശേഷങ്ങൾ പറയുന്നത്, " ആരോഹണം ചെയ്തനാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തേയും കുറിച്ചു ആയിരുന്നുവല്ലോ " (അപ്പോ. 1:1,2) അപ്പോസ്തലപ്രവർത്തികളിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുശേഷം തുടർന്നുകൊണ്ടിരിക്കുന്ന പ്രവർത്തികളും പഠിപ്പിക്കലുകളെ കുറിച്ചുള്ള വിവർത്തനവും കാണാം. പരിശുദ്ധാത്മാവ് വളരെ സജീവവും അതുപോലെ തേജസ്കരിക്കപ്പെട്ട പുത്രന്റെ കാര്യനിർവാഹകനുമാണ്. അവൻ നമ്മുടെ അവസ്ഥ അറിഞ്ഞു നമ്മെ സഹായിക്കുന്നവനാണ്. അവൻ നിയുക്താധികാരിയും ആരോഹണം ചെയ്യപ്പെട്ട യേശുക്രിസ്തുവിന്റെ സജീവമായ പ്രതിനിധിയും ആണ്. അവന്റെ ദൗത്യം എന്നത് ക്രിസ്തുവിനെ അവന്റെ നിലനില്ക്കുന്ന സ്വഭാവത്താൽ മഹത്വപ്പെടുത്തുകയും, അവന്റെ രാജ്യം സ്ഥാപിക്കുകയും ലോകത്തിനു വേണ്ടിയുള്ള അവന്റെ വീണ്ടെടുപ്പ് നടത്തുകയും ആണ്. സഭ ക്രിസ്തുവിന്റെ ആത്മാവും ആണ്. അവൻ ശരീരത്തെ നിറയ്ക്കുകയും, അവിടുത്തെ പ്രവൃത്തികളെ ക്രോഡീകരിച്ച് നടത്തുകയും അംഗങ്ങളെ നിയന്ത്രിക്കുകയും ജ്ഞാനത്താൽ പ്രചോദിപ്പിക്കുകയും ബലത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അവൻ സത്യത്താൽ വഴികാട്ടുകയും കാരണഭൂതനായവനെ ശുദ്ധീകരിക്കുകയും, സാക്ഷ്യം ആകേണ്ടതിനു ചുമതലപ്പെടുത്തുകയും ചെയ്യുന്നു. സഭയുടെ പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ഭരണകാര്യകർത്താവ് ആയിരിക്കുക എന്നുള്ളതാണ്, അവന്റെ ദൂത് പ്രഘോഷിക്കുക, അവന്റെ ശക്തിയെ അയയ്ക്കുകയും ആണ്. അവൻ വിളിച്ച് വിതരണം നടത്തുകയും, നിയന്ത്രിക്കുകയും വഴികാട്ടുകയും പ്രചോദിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു.

ആത്മാവ് ഒരിക്കലും അധികാരം നടത്തുന്നതിനുള്ള പദവി ഉപേക്ഷിക്കുകയോ അല്ലെങ്കിൽ അവന്റെ ശക്തിയെ തരംതാഴ്ത്തുകയോ ചെയ്യുന്നില്ല. അത് പോപ്പു ആയാലും പാർലമെന്റ് ആയാലും ഇല്ല. സ്വർഗ്ഗീയ ഗവൺമെന്റിന്റെ പരമാധികാരത്തിന് കീഴിൽ സഭ മനുഷ്യരുടെ നേതൃത്വത്തിൽ നടത്തപ്പെടുകയാണെങ്കിൽ അനുദിനം പരാജയത്തിലേയ്ക്കാണ് നയിക്കപ്പെടുന്നത്. ഒരു ശുശ്രൂഷ എന്നത് അത് കോളെജിലെ പരിശീലന പ്രകാരം നയിക്കപ്പെടുകയും എന്നാൽ അതേ സമയം ആത്മാവിന്റെ നിറവിൽ അല്ലാതെയും ആയാൽ അവിടെയാതൊരു വിധ അത്ഭുതങ്ങളും നടക്കുന്നില്ല. സഭ എന്നത് അത് സമൂഹത്തെ വിശാലപ്പെടുത്തുന്നതും അതെ സമയം പ്രാർത്ഥനയെ അവഗണിക്കുന്നതുമാണെങ്കിൽ അതൊക്കെയും കേവലം തിരക്കുകൂട്ടുന്നതോ, ബഹളം കൂട്ടുന്നതോ, സാഹസികതയുള്ളതോ ആയിരിക്കാം, എന്നാൽ അതിന്റെ പ്രവർത്തികൾ എല്ലാം നിഷ്ഫലവും യാതൊരു പ്രയോജനമില്ലാത്തതിനായിട്ട് ഉള്ള ശക്തി എല്ലാം ഉപയോഗിക്കുകയുമാണ്. ഇതിലും നല്ലത് നല്ല നിലയിൽ ഒരു യന്ത്രം പ്രവർത്തിപ്പിക്കുവാൻ തുടങ്ങുകയും എന്നാൽ അതിൽ കൂടി ഉല്പാദിതമാകുന്ന ശക്തി നശിക്കുന്നതുപോലെയാണിത്. അവിടെ അത്യൽഭുതമായ ഒരു യന്ത്ര സംവിധാനമാണ് ഉള്ളത്. എന്നാൽ അതിനു ശക്തി ആവശ്യം ആയിരിക്കുന്നു. ഒരു സംഘടന പ്രവർത്തനത്തിന് ദൈവം ആവശ്യമായിട്ടു വരുന്നില്ല. മനുഷ്യനു ശക്തി പ്രദാനം ചെയ്യാം, ഉദ്യമവും മാനുഷിക നിലയിൽ ഉണ്ടായിരിക്കേണ്ട ഉത്സാഹങ്ങൾ ഒക്കെയും ഉണ്ടാക്കാം. എന്നാൽ ശരിയായ ഒരു സഭയുടെ പ്രവർത്തനം അത് പരിശുദ്ധാത്മാവിനെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ആത്മാവിന്റെ സാന്നിദ്ധ്യം വളരെ സജീവമായതും സഭയുടെ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനവും ആണ്. അല്ലാതെ വേറെ ഒന്നും തന്നെ അല്ല. അവനെ കൂടാതെ ഉള്ള ജ്ഞാനം അത് ശൂന്യമാണ്. അതുപോലെ ശക്തി അതു

(ശേഷം 2-ാംപേജിൽ)

ബലഹീനവും ആണ്. പഠനബഹുമതി അവൻ ആത്മീക സത്യങ്ങളെ വെളിപ്പെടുത്തുവോളം അന്ധത നിറഞ്ഞതാണ്. അവൻ പ്രചോദിപ്പിക്കുന്നതുവരെ ആരാധന അതുകേവലം വിഗ്രഹാരാധനയാണ്. അവന്റെ ആത്മാവിന്റെ ശക്തി വെളിപ്പെടുത്തുന്നില്ലെങ്കിൽ പ്രസംഗം കേവലം ശക്തി ഇല്ലാത്തതായി തീരുന്നു. അവൻ ശക്തീകരിക്കുന്നില്ലെങ്കിൽ പ്രാർത്ഥനയും ഒന്നു ഇല്ലാതായി തീരുന്നു. പഠനത്തിൽ കൂടിയുള്ള മാനുഷിക മായ എല്ലാം ശ്രോതസ്സുകളും സംഘടനകളും, സമ്പത്ത് അത്യുൽസാഹങ്ങളും, നവീകരണങ്ങളും മനുഷ്യസ്നേഹവും എല്ലാം ഒന്നും ഇല്ലാത്തതു ആകുന്നു. അവിടെ പരിശുദ്ധാത്മാവ് ഇല്ലായെങ്കിൽ.

സഭ എല്ലായ്പ്പോഴും പരാജയപ്പെടുകയാണ്. അവളുടെ ആത്മ വിശ്വാസത്തിന്റെ കാര്യത്തിൽ. ഒരു സർക്കസ്സ് പോലെ സഭ അത് പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ അവിടെ ധാരാളം ജനക്കൂട്ടങ്ങൾ ഉണ്ടാവാം. എന്നാൽ അവിടെ ശെഖെനാ ഇല്ല. അതുകൊണ്ടാണ് പ്രാർത്ഥന വിശ്വാസത്തിന്റെ പരിശോധനയും ശക്തിയുടെ രഹസ്യവും ആകുന്നത്. ദൈവത്തിന്റെ ആത്മാവിന് ഈറ്റുനോവുണാടക്കുകയാണ് ആത്മാവിന്റെ പ്രാർത്ഥന ജീവിതത്തിൽ. അത്ഭുതങ്ങൾ ഒക്കെയും അവന്റെ നേരിട്ടുള്ള പ്രവർത്തത്തിന്റെ ശക്തിയാലാണ്. സംഭവിക്കുന്നത്. അത്ഭുതങ്ങൾ കൂടാതെ സഭയ്ക്കു നിലനില്പും ഇല്ല. ജഡികനു വാദിക്കുവാൻ കഴിയും, എന്നാൽ ആത്മാവിന് അവനെ കുറ്റ ബോധം ഉള്ളവനാക്കി തീർക്കുവാൻ സാധിക്കുന്നു. വിദ്യാഭ്യാസം അതു സംസ്ക്കാരം നല്കുന്നു. എന്നാൽ ആത്മാവ് ജന്മം എടുക്കുമ്പോഴാണ് രക്ഷ സംഭവിക്കുന്നത്. ജഡത്തിന്റെ ശക്തികൊണ്ട് പൊതുവിപണികൾ നടത്താം. വിനോദ പ്രദങ്ങളായ കാര്യപരിപാടികൾ സംഘടിപ്പിക്കാം. കോടീശ്വരന്മാരെ സൃഷ്ടിച്ചെടുക്കാം. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിധ്യമാണ് മന്ദിരത്തെ (ആലയത്തെ) ജീവനുള്ള ദൈവത്തിന്റേതാക്കി തീർക്കുന്നത്. സഭ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങളുടെ കാതലായ സംഗതി എന്താണെന്ന് അന്വേഷിച്ചാൽ അവർ പരിശുദ്ധാത്മാവിനെക്കാൾ അധികമായിട്ട് ലോകത്തിലും ജഡത്തിലും ആണ് വിശ്വസിച്ചിരിക്കുന്നത്. എന്നാൽ നാം മനസ്സിലാക്കി മനം തിരിഞ്ഞ് മടങ്ങിവരുവോളം കാര്യങ്ങളെല്ലാം വളരെ പരാജയത്തിലേക്കാണ് നയിക്കപ്പെടുന്നത്. നാല് കാറ്റിന്റെ വരവ് ജീവിതത്തിലേക്ക് മരണം കൊണ്ടുവരികയും ഉണങ്ങിയ അസ്ഥികൾ അതൊക്കെയും ശക്തരായ സൈന്യം ആയിട്ട് മാറുകയും ചെയ്യും. എന്നാൽ ഇതെല്ലാം സംഭവിക്കുന്നത് പ്രാർത്ഥനയാൽ മാത്രമാണ്.

വ്യക്തിയും ശക്തിയും ആ ആത്മാവിന്റെ പ്രവർത്തികളും

ആത്മാവിന്റെ ശക്തി അത് അവന്റെ വ്യക്തിത്വത്തിൽ നിന്നു വേർതിരിച്ചെടുക്കാവുന്നതല്ല. ദൈവം അവന്റെ സ്വഭാവം (പ്രകൃതി) ഉപേക്ഷിക്കുന്നില്ല. അവന്റെ ശക്തിയെ വാടകയ്ക്കു കൊടുക്കുന്നില്ല. അവന്റെ സാന്നിധ്യത്തിൽ നിന്ന് അത് ഒരിക്കലും വേർപ്പെടുന്നില്ല. ഉള്ളിൽ വസിച്ചുകൊണ്ട് അവൻ ശക്തീകരിക്കുന്നു. ആത്മാവ് ആത്മാവിൽ കൂടിയാണ് പ്രവർത്തിക്കുന്നത്. അവൻ വെറുതെ ശക്തി പ്രദാനം നല്കുന്നവനല്ല. അവൻ കൈകാര്യം ചെയ്യുന്നു. വേറെ ആർക്കും ഇത് സാധ്യമല്ല. ഇത് അവന്റെ ശക്തിയാണ് നമ്മിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതു. അത് നമ്മെ പണിയുകയാണ്. എല്ലാ ദൈവഹിതവും ശക്തിയോടു നമ്മിൽ സംഭവിക്കുവാൻ. നാം പലപ്പോഴും പരാജയപ്പെടുവാൻ ഇതല്ലേ കാരണം? നമ്മുടെ പ്രാർത്ഥനകളിൽ അവനെക്കാൾ അധികം പലപ്പോഴും ശക്തിക്കായിട്ടല്ലേ ആഗ്രഹിക്കുന്നത്? ആത്മാവിന്റെ ശക്തിയേക്കാൾ കൂടുതൽ ആകാംഷ ഭരിതരായിരിക്കുന്നത് ബലത്തിന്റെ നേട്ടങ്ങളിലല്ലോ. നാം പ്രത്യക്ഷമായ ഫലങ്ങൾ കാണാനാണ് ആഗ്രഹിക്കുന്നത്. നാടകീയമായ അത്ഭുതങ്ങൾ ബലമുള്ള പ്രവർത്തികൾ; എന്നാൽ ഇത് എല്ലായ്പ്പോഴും ആത്മാവിന്റെ ശക്തിയാൽ സംഭവിക്കുന്നതല്ല. നിശബ്ദരായി നിന്നു സംസാരിക്കുവാൻ ബലം നമുക്ക് ആവശ്യമാണ്, മറഞ്ഞ് കിടന്നതിനെ ഉയർന്ന നിലവാത്തിൽ ആക്കുവാനും ബലം

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. " നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും" (യാക്കോ. 5:12-15).

ജൂൺ മാസം നമ്മെ വിട്ട് കടന്നുപോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ദൈവം നമ്മുടെ എല്ലാ ബന്ധനങ്ങളിൽ നിന്നും ദുഷ്ടശക്തികളിൽ നിന്നും നമ്മെ വിടുവിക്കുവാൻ മതിയായവനാണ്. ദൈവം നമ്മെ ഓരോരുത്തരേയും സ്നേഹിക്കുന്നു. കർത്താവ് എപ്പോഴും നിങ്ങളോടുകൂടെയുണ്ടെന്ന സത്യം നിങ്ങൾ മറക്കരുത്.

ഈ കർത്താവ് നമ്മുടെ മദ്ധ്യേയുണ്ടെങ്കിൽ നമ്മുടെ ജീവിതം എത്ര പൂർണ്ണതയുള്ളതാകുമെന്ന് മനസ്സിലാക്കി ഭക്തിയോടെ ജീവിക്കുന്നതിന് നമുക്ക് പരിശ്രമിക്കാം. ദൈവഹിതം നിറവേറ്റുവാൻ നാം നമ്മെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് ദൈവസന്നിധിയിൽ നമുക്ക് മുന്നേറാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

വേണം. അവൻ വരുന്നത് നമ്മെ പണിതെടുക്കുവാൻ വേണ്ടിയാണ് ദൈവഹിതം വളരെ കാര്യക്ഷമമായിട്ട് സംഭവിക്കുവാൻ ഒരേ ആത്മാവിനാൽ തന്നേ നാം വെളിപ്പെടുന്നു, അതിന്റെ പ്രദർശനത്തിലും പ്രവർത്തികളിലും.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ആത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചിരിക്കുന്നു. വേറെ യാതൊരു ശക്തി ക്കും പ്രവർത്തിക്കുവാൻ സാധ്യമല്ല. ജഡത്തിന്റെ ശക്തിയാൽ ആത്മാവിന്റെ പ്രവർത്തികൾ ചെയ്യുവാൻ സാധ്യമല്ല. അവന്റെ അത്യന്തമായ ശക്തിക്കു പകരം വയ്ക്കുവാൻ വേറെ യാതൊരു ശക്തിക്കും സാധ്യമല്ല. സീയോൻ ബാബിലോണ്യരുടെ സ്വർണ്ണത്തെ മോഹിച്ചപ്പോഴും, ബാബിലോണ്യരുടെ വസ്ത്രങ്ങൾ കണ്ടപ്പോൾ അസൂയപ്പെട്ടതും, ബാബിലോണ്യരുടെ പാതകളെ പിൻതുടർന്നപ്പോഴും ബാബിലോണ്യയാഗപീഠങ്ങളെ ആശ്രയിച്ചപ്പോഴും ബാബിലോണ്യരുടെ ആയുധങ്ങൾ ഉപയോഗിച്ച് കൊണ്ട് യുദ്ധങ്ങൾ നടത്തിയപ്പോഴും അവളുടെ ശക്തി പരാജയപ്പെട്ടു എന്തുകൊണ്ടെന്നാൽ ആത്മാവിന്റെ ശക്തി നഷ്ടപ്പെട്ടിരുന്നു. ആത്മീക പ്രവർത്തനത്തിനു ജഡീകങ്ങളായ യാതൊരു കരുത്തും ശരിയാക്കുകയില്ല. ഈ യുദ്ധത്തിനുള്ള ആയുധങ്ങൾ ഒരിക്കലും ജഡത്തിന്റെതല്ല. പ്രാർത്ഥനയാണ് ശക്തി നൽകുന്നത്. എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയിൽ കൂടിയാണ് ആത്മാവിന്റെ ശക്തി അവിടെ പ്രവർത്തിക്കുന്നത്. സാക്ഷ്യം ആണ് വിജയത്തിനുള്ള തിരഞ്ഞെടുക്കപ്പെട്ട ആയുധം. ആത്മാവ് സാക്ഷ്യം ആകുന്നതിനു നല്കപ്പെട്ടിരിക്കുന്നത്. അവൻ വാദിച്ച് സംഗ്രഹിച്ചിട്ട് രക്ഷിക്കുന്നില്ല. എന്നാൽ ജീവനുള്ള സാക്ഷ്യങ്ങളിൽ കൂടി ആരൊക്കെയാണ് ആ ശക്തി അനുഭവിക്കപ്പെട്ടവർ വ്യക്തിത്വങ്ങളായി അനുഭവങ്ങളെക്കാൾ ജീവനുള്ള അനുഭവങ്ങൾ ഇതെല്ലാം സംഭവിക്കുന്നത് ആത്മാവിന്റെ ശക്തിയാൽ തന്നെയാണ് പാപത്തെക്കുറിച്ചുള്ള കുറ്റബോധവും, നീതീകരണവും, ന്യായവിധിയെമ്മെല്ലാം. സഭയുടെ പ്രവർത്ത നം എന്നു പറഞ്ഞാൽ അത് അമാനുഷികമാണ്. ഇത് യാതൊരു കാരണവശാലും സ്വഭാവിക മനുഷ്യന്റെ ശക്തിയാൽ സംഭവിക്കുന്നില്ല. “ സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (സെഖ. 4:6). പരാജയപ്പെട്ടതിനാൽ യാതൊരു പരിഹാരമാർഗ്ഗവും ഇല്ല. കാര്യക്ഷമത കൂടാതെ ആയതിന് യാതൊരു നീതീകരണവും ഇല്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആത്മാവാണ് ആത്മാവിന്റെ ശക്തി. നമ്മുടെ ദൈവമായ കർത്താവായ യേശുക്രിസ്തുവിന്റെ അനന്തരവാകാശികളായി എല്ലാ വിശ്വാസികളും ആയിതീർന്നത് പരിശുദ്ധാത്മാവ് എന്ന ദാനത്തിൽ കൂടി ആണ്.

ആത്മാവിന്റെ ശക്തി എവിടെയാണ്?

അപ്പോസ്തലന്മാരുടെ സമയത്തു ഉണ്ടായിരുന്ന സഭയുടെ അവസ്ഥ സഭ ദൈവികമായ ശക്തിയാൽ ഭരമേല്പിക്കപ്പെട്ടതായിരുന്നു എന്നതാണ്. അവരുടെ വാക്കുകൾ അത് ശക്തിയുള്ളതായിരുന്നു. അവരുടെ സംസാരത്താൽ തന്നേ മറ്റുള്ളവർക്ക് കുറ്റബോധം സംഭവിച്ചിരുന്നു. അവരുടെ സാക്ഷ്യങ്ങൾ അടയാളങ്ങളാലും അത്ഭുതങ്ങളാലും നിറയപ്പെട്ടതായിരുന്നു. തിന്മ ചെയ്തവരെ അവർ മൂടിവയ്ക്കാതെ പുറത്ത് കൊണ്ടുവന്നു കാര്യം ബോധ്യപ്പെടുത്തി. സ്വർഗ്ഗത്തിന്റെ മുദ്ര അവരുടെ ന്യായവിധിയിൽ പ്രകടമായിരുന്നു. ഭരണകർത്താക്കൾ അവരുടെ മുമ്പിൽ വിറയ്ക്കപ്പെട്ടു. മരിച്ചവർ അവരുടെ ശബ്ദം കേട്ടു. രോഗങ്ങൾ അവരുടെ കരസ്പർശനത്താൽ ദൂരെ പോയി. ഭൂതബാധിതർ അവരുടെ മുമ്പിൽ കീഴടങ്ങി. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അവരെ ദൈവീകമായ അധികാരത്തിലും ശക്തിയിലും നിറച്ചു നടത്തി. അവർ ദൈവത്തിന്റെ മനസ്സു അറിഞ്ഞവരായിരുന്നു. എന്തുകൊണ്ടെന്നാൽ ആത്മാവിനാലാണ് അവർ പഠിപ്പിച്ചരുന്നത്. അവർ അപേക്ഷിച്ചതു പ്രാപിച്ചു. കാരണം അവർ ആത്മാവിൽ പ്രാർത്ഥിച്ചു. അവർ ശക്തമായ പ്രവർത്തികൾ പ്രവർ ത്തിച്ചു. എന്തുകൊണ്ടെന്നാൽ അവർ ആത്മാവിന്റെ ശക്തിയാൽ ബലപ്പെട്ടിരുന്നു. സഭ സാധാരണ ജീവിതം നിറയപ്പെട്ടതും, പ്രചോദിക്കപ്പെട്ടതും ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ പൂർണ്ണതയ്ക്കായിട്ടു ചുമതലപ്പെട്ടതും ആയിരുന്നു.

പരിശുദ്ധാത്മാവിനു തുല്യമായിട്ടു പകരം വയക്കുവാൻ വേറെ യാതൊന്നും ഇല്ല. സഭയുടെ പര്യാപ്തത എന്നത് മനുഷ്യർ അല്ല, എന്നാൽ ദൈവത്തിന്റെതാണ്. ഒരു വലിയ സുചേതനമായ സഭയുടെ പരാജയത്തിന്റെ കാരണം എന്നത് അത് ജനങ്ങളുടെ ആത്മീക ജീവിതത്തിൽ സംഭവിച്ച ദാരിദ്ര്യം തന്നെയാണ്. എല്ലാ നമ്മുടെ പരാജയ കാരണങ്ങളും മടങ്ങി പോകുക തന്നേ ചെയ്യും. ഈ പൊതുവായ നീരുറവയ്ക്കു മുമ്പിൽ: നാം പരിശുദ്ധാത്മാവിനെ വിശ്വസിക്കുന്നുണ്ടോ, സത്യത്തിന്റെ ആത്മാവിനെ ദൈവവും ജീവദാതാവും ആയവനേ?

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

ദൈവത്തിന്റെ ശക്തിക്കായിട്ടു അചഞ്ചല മായിട്ടു അന്വേഷിക്കുക

By James Smith (1802 - 1862)

ഈ ദിവസത്തിൽ നമുക്ക് വളരെ അത്യാവശ്യം ആയിരിക്കുകയാണ് ആത്മാവിന്റെ ശക്തി. ഉയരത്തിൽ നിന്നുള്ള ആത്മാവിന്റെ ശക്തിയാൽ നാം അനുഗ്രഹിക്കപ്പെട്ടവരായിരിക്കണം നാം ആയിരിക്കുന്ന ലോകത്തിൽ മനുഷ്യന്റെതായ ബുദ്ധികൊണ്ട് നമുക്ക് ചില കുറച്ച് കാര്യങ്ങൾ ചെയ്യാം. എന്നാൽ നാം അതിൽ വിശ്വസിച്ച് ആശ്രയിക്കുന്നവരാണെങ്കിൽ, തീർച്ചയായിട്ടും നാം പരാജയപ്പെടുക തന്നേ ചെയ്യും.

എന്താണ് നമുക്ക് ആവശ്യം ആയിരിക്കുന്നത്? നാം യേശുവിനെ പോലെയും അവന്റെ ആദ്യകാല അനുഗാമികളെപോലെയും ആയിതീരേണം! അവന്റെ കല്പനകൾ ആവശ്യപ്പെടുന്നതുപോലെ നാം ആയിതീരേണം. എന്നാൽ ഇന്ന് നാം ഒരിക്കലും ആകുന്നില്ല. സ്നേഹത്തിന്റെ ആത്മാവിനെ പ്രാപിക്കാതെയും ശക്തിയും ഒരു നല്ല മനസ്സിന്റെ ഉടമസ്ഥരായി തീരാതെയും അങ്ങനെയുള്ള ആ മഹത്തായ അനുപാതത്തിൽ എത്തിച്ചേരുന്നില്ലെങ്കിൽ ഇത് സാദ്ധ്യമാകുന്നില്ല. ഓ കത്തി ജ്വലിക്കുന്ന ആവേശവും സജീവമായ ഔദാര്യവും ദൈവത്തെ സേവിക്കുവാൻ വേണ്ടി സ്വയം ത്യജിക്കലും!

എന്നാൽ ഇതെല്ലാം ചില വസ്തുക്കളെ കൊണ്ടുവരുന്നു. ആരെ ആണ് നാം നോക്കുക? ദൈവത്തിന്റെ ശക്തി, അതേ ദൈവത്തിന്റെ ശക്തി മാത്രം ആണ് ഇതിനെ നേടിയെടുക്കുവാൻ ശക്തീകരിക്കുന്നത്. ഓ എന്തൊരു കരുണയാണ് അതെല്ലാം ദൈവത്താൽ എല്ലാ കാര്യങ്ങളും സാധ്യമാകുന്നു. അവനാണ് സമൃദ്ധമായിട്ട് വർദ്ധിപ്പിച്ച് തന്ന് അപേക്ഷിക്കുന്നതും, ചിന്തിക്കുന്നതും എല്ലാം നല്കി തരുന്നതും, നമ്മിൽ വ്യാപരിക്കുന്ന ശക്തിയുടെ അളവനുസരിച്ച്.

ക്രിസ്തുവിനെ കൂടാതെ നമുക്ക് ഒന്നും പ്രവർത്തിക്കുവാൻ സാധ്യമല്ല. എന്നാൽ നമ്മെ ശക്തീകരിച്ച കർത്താവിനാൽ നുക്ക് എല്ലാം പ്രവർത്തിക്കുവാൻ സാധ്യമാണ്. ശക്തി അത് ദൈവത്തിന്റേതാണ്. എല്ലാം നഷ്ടപ്പെട്ടവന് (വാടി തളർന്നവന്) അവൻ വാഗ്ദത്തം ചെയ്തിരിക്കുകയാണ് ഈ ശക്തി, നമ്മുടെ അകത്തെ മനുഷ്യനെ അവിടുത്തെ എല്ലാ ശക്തിയാലും ബലപ്പെടുത്തുവാൻ. അവന്റെ അപ്പോസ്തലന്മാരിൽ അവിടുത്തെ ശക്തി പ്രയോഗിക്കപ്പെട്ടിരുന്നു. അവരൊക്കെയും വിശുദ്ധിക്ക് വേണ്ടിയും വളരെ കർത്താവിനാൽ പ്രയോജനപ്പെട്ടവരുമായിരുന്നു. അതേ ആളവിൽ തന്നേ ഇന്നു ശക്തിയെ നല്കപ്പെട്ടിരിക്കുന്നു. തീക്ഷ്ണമായ ആഗ്രഹത്തോടു ആരാണോ ഇതിനായിട്ട് കാത്തിരിക്കുന്നത് അതിനായിട്ട് അചഞ്ചലമായിട്ട് അന്വേഷിക്കുകയും ചെയ്യുന്നതും നമുക്ക് ഇത് ഇല്ലെങ്കിൽ, എന്തുകൊണ്ടെന്നാൽ നാം ഹൃദയം അവനിൽ വച്ചിട്ടില്ല. ആത്മാർത്ഥയോടുകൂടി അന്വേഷിക്കുക, അല്ലെങ്കിൽ എന്തുകൊണ്ടെന്നാൽ നാം ഇതിനെ അന്വേഷിക്കുന്നത് ചില അശുദ്ധമായതിനും ശരിയല്ലാത്ത കാര്യങ്ങൾക്കുമായിട്ടാണ്. ഇപ്പോൾ ഉള്ളതിനേക്കാൾ അധികമായിട്ടു ഒരിക്കലും നല്കുവാൻ താല്പര്യം ഉള്ളവനല്ല ദൈവം. ഇപ്പോൾ ഉള്ളതിനെക്കാൾ വാഗ്ദത്തങ്ങൾ ഒരിക്കലും അധികം ശരിയല്ലായിരുന്നു. പഴയകാലങ്ങളിൽ ഇന്നത്തേതുപോലെ അല്ലായിരുന്നു. അവിടുത്തെ കൃപയുടെ സിംഹാസനം മുമ്പ് തീർച്ചയായിട്ട് സഭയ്ക്കും ലോകത്തിനും ദൈവത്തിന്റെ ശക്തി ഇതുപോലെ ആവശ്യമില്ലായിരുന്നു. ഒരിക്കലും മുൻകാലങ്ങളിൽ.

ഒരു സമയത്ത് ഇത് അതിന്റെ പൂർണ്ണതയിലായിരുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ തേജസ്സോടുകൂടെ ഇത് പ്രദർശിക്കപ്പെട്ടുകൊണ്ടിരുന്നു. യേശുവിനെ പോലെ, ശക്തി ദാതാവ് ആയവൻ ഇന്നലേയും ഇന്നത്തെപോലെ മാറ്റമില്ലാത്തവനായിരുന്നവൻ, അവന്റെ മണവാട്ടി സഭ ഇതിനെ പ്രാപിക്കുകയും പ്രയോഗിക്കുകയും ചെയ്തപ്പോൾ ഇത് അപ്പോൾ ഇതിന്റെ പോരായ്മകളുടെ കാരണങ്ങൾ നാം തന്നേ അന്വേഷിച്ച് കണ്ടെത്തണം, എന്ത് കൊണ്ടെന്നാൽ നമുക്ക് ഇത് ഇപ്പോൾ ഇല്ലാത്തതുകൊണ്ട്.

അതുകൊണ്ട് നമുക്ക് തന്നേ ദൈവത്തിന്റെ മുമ്പാകെ വിനയപ്പെടുത്തിക്കൊടുക്കാം എന്തുകൊണ്ടെന്നാൽ സ്വാർത്ഥമനോഭാവം ഉള്ളതുകൊണ്ടും നമ്മുടെ സ്നേഹത്തിന് സൗഖ്യം (ആശ്വാസം) ഉണ്ടാകുവാനും, ലോകത്തോടുള്ള നമ്മുടെ അനുവർത്തമാനം, ലോകമയത്വമായ മനസ്സോടുകൂടിയുള്ള നമ്മുടെ സഭകൾക്ക് ആയിട്ട് എല്ലാ സൃഷ്ടികളിൽ നിന്നും നമുക്ക് ഒരു സ്വാതന്ത്ര്യം എടുത്തുകൊണ്ട് മുന്നോട്ടു പോകാം. മനുഷ്യനിൽ ഉള്ള എല്ലാറ്റിൽ നിന്നും. എന്നിട്ട് ദൈവത്തിന്റെ ശക്തിയിൽ മാത്രം നമുക്ക് നോട്ടം സ്ഥിരപ്പെടുത്താം. നമുക്ക് രക്ഷകന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കാം അവന്റെ സമയത്തിനായിട്ട് നോക്കികൊണ്ടിരിക്കാം, പ്രാർത്ഥിക്കുന്ന ശിഷ്യന്മാരായിട്ട്, " എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും " (അപ്പോ. 1:8).

അവന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കാം, അചഞ്ചലമായതും, സ്ഥിരോത്സാഹത്തോടു കൂടിയതുമായ പ്രാർത്ഥനയ്ക്കായിട്ടു വലത്തുഭാഗത്തു താണിരിക്കാം. ഇവിടെ നമ്മുടേതായ ആക്ഷേപങ്ങൾക്കു യാതൊരു ഉപയോഗവും ഇല്ല. മറ്റുള്ളവരുടെ തെറ്റുകൾ കണ്ട് പിടിക്കുന്നതും അല്ലെങ്കിൽ ലോകത്തിലോ സഭയിലോ വേറെ ഏത് എങ്കിലും ഒരു അവസ്ഥയ്ക്കായിട്ടു ആഗ്രഹിക്കുന്നതും, എല്ലാം ഇതിനെ ഒഴിവാക്കിയിട്ട്. നമ്മുടെ എല്ലാം തിന്മകൾക്കുള്ള ഏറ്റവും വലിയ ഒരു പരിഹാരമാർഗ്ഗം ആണിത്. അങ്ങനെ ഈ പരിഹാരമാർഗ്ഗം നമുക്ക് നേടി എടുക്കുന്നതുപോലെ അല്ലതാനും. അല്ല, വളരെ ആഴത്തിൽ നമുക്ക് നമ്മുടെ ആവശ്യം അറിഞ്ഞിരിക്കണം. നമ്മുടെ അവസ്ഥകൾക്ക് മാറ്റം വരുത്താം. നമ്മുടെ കളങ്കങ്ങൾ നമുക്ക് കണ്ട് ഉണരാം. നമ്മുടെ പാപങ്ങൾക്കായിട്ടു പശ്ചാത്തപിക്കാം. അതുപോലെ, ദൈവീക കൃപയിൽ ആശ്രയിക്കാം. ഉയരത്തിൽ നിന്നു നന്മകളിൽ ആത്മാവ് പകരുവോളം നമ്മുടെ ഹൃദ.യങ്ങളെ കർത്താവിങ്കലേയ്ക്കു ഭരമേൽപ്പിക്കാം ഒരു വിശ്രമവും കൊടുക്കാതെ.

ദൈവത്തിനു സമ്മതമാണ്. നമ്മളോ? ദൈവം ഒരുക്കമുള്ളവനാണ്. എന്നാൽ നമ്മുടെ ഈ തണുത്ത മനോഭാവത്തിനും, ലോകമയത്വത്തിനും, ഉദാസീനതയ്ക്കും അല്ലതാനും, അവൻ നല്കി തരും, എന്നാൽ നമുക്ക് യാതൊരു വിധമായ അവകാശങ്ങളും അതിനെ പ്രതീക്ഷിക്കുവാൻ യഥാർത്ഥമായിട്ട് അത് നമ്മുടെ ആവശ്യം ആണെന്നുള്ള ബോധം വരുവോളം . വളരെ സ്ഥിരോത്സാഹത്തോടെ വിശ്വാസത്താൽ അതിനെ പ്രാപിക്കുവോളം യാചിക്കേണ്ടിവരുന്നു. ദൈവം ഉപേക്ഷിച്ചക്കാം. നാം ആത്മാർത്ഥത ഇല്ലാത്തവരാണെങ്കിൽ: എന്നാൽ പെനിയേലിൽ യാക്കോബ് ആയിരുന്നതുപോലെ, സുറൊഫൊനിക്യ ജാതിക്കാരത്തിയായ ആ സ്ത്രീയേപോലെ നാം ഒരിക്കലും അവസാനിപ്പിക്കരുത്. നാം വിശ്വസ്തരും ആത്മാർത്ഥതയുള്ളവരുമാണെന്ന് തെളിയിക്കണം. അവൻ സ്വർഗ്ഗത്തിന്റെ വാതിൽ തുറന്ന് നമ്മുടെ മേൽ മുഴുവൻ അനുഗ്രഹങ്ങളും വർഷിപ്പിക്കും.

ഓ, ദൈവമേ, പ്രാർത്ഥിക്കുവാനുള്ള ശക്തിയെ നല്കുക, വിശ്വസിക്കുവാനുള്ള ശക്തി, സ്ഥിരോത്സാഹത്തോടെ നില്ക്കുവാനുള്ള ശക്തി, വിജയത്തിനായിട്ട് പ്രവർത്തിക്കുവാനുള്ള ശക്തിയെയും നല്കുക.

❖

പ്രകാശവും, ജീവനും, ശക്തിയുമായ ദൈവത്തിന്റെ വചനം

By Adolph Saphir (1831- 1891)

വളരെ ആദരവോടുകൂടിയും നന്ദിയോടു കൂടാതെ നാം ഒരിക്കലും ദൈവത്തിന്റെ വചനം തുറക്കരുത്. ഒരിക്കൽ ഒരുവൻ പറഞ്ഞതുപോലെ ഇതൊക്കെയും ഭൂമിയുടെ മേൽ ഉള്ള സ്വർഗ്ഗത്തിന്റെ സംസാരം ആണ്; അതിൽ നാം ജീവനുള്ള ദൈവത്തിന്റെ ശബ്ദമാണ് കേൾക്കുന്നത്.

അവന്റെതായ ഭാഷയെക്കാളും അവന്റെതായ വാക്കുകളെക്കാൾ എന്താണ് നമുക്ക് അധികം വിലപ്പെട്ടതായിട്ടുള്ളത്, അതേ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ള അവന്റെ ഹൃദയത്തിന്റെ ആഴങ്ങളിലുള്ള ചിന്തകളെക്കാളും ഉദ്ദേശ്യങ്ങളെക്കാൾ അധികം വിലയേറിയത് എന്താണ്?

ദൈവശബ്ദം ശ്രദ്ധിക്കുക എന്നത് നമ്മുടെ മനസാക്ഷിക്കു ബോധ്യപ്പെട്ട കേവലം ഒരു പ്രവൃത്തി എന്നുള്ളതല്ല ഇത്, എന്നാൽ അതിലും അധികം ആയിട്ടു നമ്മുടെ എല്ലാം മനസാക്ഷിയും സ്നേഹവും ഇച്ഛയും, മനസ്സും നമ്മുടെ മുഴുവൻ അകത്തെ മനുഷ്യനുമെല്ലാം പ്രകാശവും ബലവും ഈ വചനത്തിൽ നിന്നു സ്വീകരിക്കുകയാണ് ചെയ്യുന്നത്.

അന്തരീക്ഷ വായുവിൽ നിന്നു ബൈബിളിനെ നാം ശ്വാസോച്ഛ്വാസമായിട്ട് സ്വീകരിക്കാത്തതല്ലേ നമ്മുടെ തളർച്ചയ്ക്കു ഏതു സമയത്തു തകർന്നു പോയേക്കാവുന്നതുമായ ആത്മീക ജീവിതത്തിന്റെ കാര്യമായ അടിസ്ഥാന പരമായ ഒരു വസ്തുത? തിരുവചനം അതിന്റെ അടിസ്ഥാന ഉപദേശങ്ങളാൽ വളരെ ധന്യമായതും അതിന്റെ അധിക്ഷേപങ്ങൾക്കും തിരുത്തലുകൾക്കും നീതീകരണത്തിനായിട്ടുള്ള നിർദ്ദേശങ്ങളുടെ കാര്യത്തിലും അതുകൊണ്ട് നമുക്ക് ശരിയായ ശിഷ്യന്മാരായി തീരാം, പഠിതാക്കൾ ആയിട്ടും എല്ലാം സ്വീകരിക്കുന്ന നമ്മുടെ ദൈവമായവൻ ഔദാര്യ മനസ്സുള്ളവനായതുകൊണ്ട് നമുക്ക് നിർദ്ദേശങ്ങളായിട്ടു എഴുതപ്പെട്ടിരിക്കുകയാണ്.

ജീവനും രൂപാന്തരപ്പെടുത്തുന്ന ശക്തിയും

നാം എന്തു ഓർമ്മയുള്ളവരായിരിക്കണം ദൈവം നമുക്ക് നല്കപ്പെട്ടിരിക്കുന്ന അവന്റെ വചനത്തിൽ നാം അവനെ കണ്ടെത്തിയിരിക്കുന്നുവെന്ന്. ദൈവം ദൈവം തന്നെയാണ് ജീവൻ. അവന് അവനിൽ തന്നേ ജീവൻ ഉണ്ട്. അതുപോലെ അവന്റെ വചനത്തിലും ജീവൻ ഉണ്ട്. അവന്റെ വചനങ്ങൾ നല്കുന്നത് കേവലം നല്ല വസ്തുക്കൾ മാത്രമല്ല, എന്നാൽ എല്ലാ നന്മയ്ക്കു ആദ്യവും വളരെ അത്യാവശ്യമായ കാര്യങ്ങൾ, അതാകുന്നു ജീവൻ.

“വചനം ജീവിക്കുന്നു” (എബ്രാ. 4:12) ദൈവത്തിന്റെ ശബ്ദം ആണെന്ന് നാം തിരിച്ചറിയുമ്പോൾ അത് ബലവത്തായി മാറുന്നു. “ദൈവത്തിന്റെ വചനങ്ങൾ ആത്മാവും ജീവനും ആണ്” (യോഹ. 6:63). അതുകൊണ്ട് ഇവിടെ ഇതിനെ വിത്തുമായിട്ട് താരതമ്യം ചെയ് തിരിക്കുകയാണ്. ഒരു സമയത്തു അതിപ്രാധാന്യമല്ലാത്തതാണെങ്കിലും, അതിനെ ഒരു നല്ല നിലം ലഭിച്ചു കഴിയുമ്പോൾ, അതിന്റെ ശരിയായ ഗുണങ്ങൾ പ്രകടിപ്പിക്കുവാൻ തുടങ്ങും. സാധാരണയായിട്ടും വിത്തുകൾ വീണ് അത് കിളിർത്തു വളർന്നു പോകുന്നു. എന്നാൽ നാം അറിയുന്നില്ല. എങ്ങനെയാണ് ആദ്യം ആ വായ്ത്തല, അതിനുശേഷം ചെവി അതിനു ശേഷം ചെവികളെ തുളയ്ക്കുന്നു.

ദൈവവചനം സ്വീകരിക്കപ്പെടുന്നത് അപ്രകാരം ആയിരിക്കുമ്പോൾ അത് നമ്മിൽ എപ്പോഴും ചത്ത ഒരു വിത്തായിട്ട് തന്നേ അവശേഷിപ്പിക്കാതെ ആണ് വ്യാപകമായ വ്യത്യാസത്തിലേക്കാണ് നയിക്കുന്നത്. നമ്മുടെ നിലവിലുള്ള അറിവിലേക്കു പുതിയതായിട്ട് ഒരു അറിവായിട്ട് അതു വളരുന്നു. അത് നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും തുടർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയും നമ്മുടെ സ്വഭാവത്തിലും നടപ്പിലും ചിലത് നൂറ് മടങ്ങിന്റെ ഫലം പുറപ്പെടുവിക്കയും ചിലത് അറുപത് മടങ്ങ് ഫലം പുറപ്പെട്ടിരിക്കുന്നത്. ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ട് നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോട് കൈകൊൾവിൻ” (യാക്കോ. 1:21). നാം വചനം സൂക്ഷിക്കുന്നവരും, നമ്മുടെ ഹൃദയത്തിൽ ഒളിപ്പിച്ച് വയ്ക്കുകയും ശത്രു വന്ന് നമ്മുടെ ഓർമ്മയിൽ നിന്നു പ്രതിപത്തിയിൽ നിന്നു അത് എടുത്തു കൊണ്ട് പോകാതെ ശ്രദ്ധിക്കുകയും വേണം.

ദൈവീക ഉദ്ദേശ്യപ്രകാരം ദൈവവചനം നാം ധ്യാനിക്കുമ്പോൾ ആത്മാവിൽ ആശ്രയം വയ്ക്കുകയും ചെയ്യുമ്പോൾ ഒരു അത്ഭുതകരമായ സ്വാധീനത്താൽ നമ്മുടെ അകം നിറയപ്പെടുകയാണ്. ഒരു നല്ല മതിപ്പുള്ള വാക്കു ബാഹ്യ സ്വഭാവം നാം സ്വീകരിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ആ ഹൃദയത്തിൽ തന്നേ ദൈവത്തിന്റെ സ്വാധീനം നിറയപ്പെട്ടിരിക്കുന്നതിനാൽ നമ്മുടെ പ്രവർത്തികളിലും ചിന്തകളിലും അത് വെളിപ്പെടുന്നു. കൃപയാണ് നമ്മുടെ ഗുരു. അതിന്റെ അച്ചടക്ക വചനത്തിൽ കൂടെയാണ് വരുന്നത്.

രണ്ടു അദ്ധ്യായത്തിൽ കൂടി ദൈവത്തിന്റെ ഇടപെടലിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കാം, നമ്മുടെ പാപവും ആവശ്യവും അവന്റെ കൃപയും പൂർണ്ണതയും അങ്ങനെ വചനം നമ്മുടെതായ ജീവിതത്തെ എടുത്തുമാറ്റിയിട്ട്, പുനരുത്ഥാനത്തിന്റെ ജീവിതം നല്കി തരുന്നു. നമ്മുടെ ശൂന്യതകളെ വെളിവാക്കിയിട്ട് നമുക്ക് ക്രിസ്തുവിന്റെ ധനത്തെ വെളിവാക്കുന്നു.

തിരുവചനത്തിൽ ക്രിസ്തു

വേദപുസ്തകം ജീവിതത്തെ കുറിച്ചുള്ള ഒരു പുസ്തകം ആകുന്നു. ആരാണോ ജീവിതത്തിനുവേണ്ടി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നവനു മാത്രമാണ് ഇ തിന്റെ ശരിയായ അർത്ഥത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നുള്ളൂ. വേദപുസ്തകം അത്വലിയ ഒരു പ്രയോജന പ്രദവും ആണ്. എന്നാൽ നാം ശിഷ്യന്മാരെ പോലെ ക്രിസ്തുവിനെ പഠിക്കുക എന്ന ഉദ്ദേശത്തോടുകൂടി മാത്രം വായിക്കുമ്പോഴാണ് ഇത് സാധ്യമാകുന്നത്. അതുകൊണ്ട് ദൈവത്തിന്റെ മക്കൾ തിരുവചനം വായിക്കുന്നതു അതിന്റെ പൂർണ്ണതയെ തീർത്തുകളയുക എന്ന ലക്ഷ്യത്തോടുകൂടെ അല്ല, എന്നാൽ അവർക്ക് നിലവിൽ എന്താണോ ആവശ്യം ആയിരിക്കുന്നത് അതാണ് നല്കിയിരിക്കുന്ന്. എന്നിരുന്നാലും പലപ്പോഴും അവർക്ക് അത് അല്പം മാത്രം മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ലെങ്കിലും ഭാവികാലത്തേക്ക് അത് വെളിപ്പെടുത്തിയും ഇരിക്കുന്നു.

ദൈവവചനം വായിക്കുന്നതിൽ കൂടെ യേശുവിനെയാണ് അറിയുന്നത്. പിതാവിന്റെ കരുതലും ആത്മാവിന്റെ നേരിട്ടുള്ള നടത്തിപ്പുകളും ആണ് വിശ്വാസിക്കു അനുഭവപ്പെടുന്നത്. ആശ്വാസത്തിന്റെയും ഗുണദോഷത്തിന്റെയും ഒരു അർത്ഥം ആണ് അവന് ലഭിക്കുന്നത്. അതുകൊണ്ട് അവൻ വെറുതെയല്ല പച്ചയായ പുൽപ്പുറത്തെ കാണുന്നത്. എന്നാൽ ദൈവം തന്നേ അവനെ അതിൻമേൽ കിടത്തുന്നതായിട്ടാണ് അനുഭവിക്കുന്നത്. അങ്ങനെ സ്വർഗ്ഗീയനായ ഇടയനെ തനിക്ക് ലഭിക്കുകയും ചെയ്യുമ്പോൾ അവന്റെ ആത്മാവിനു പ്രയോജനപ്രദവും ചൈതന്യവും ഉള്ളവനായി മാറുന്നു.

വളരെ ശുഷ്കാന്തിയോടു കൂടിയും ധ്യാനത്തോടും കൂടിയും വേണം തിരുവചന പാരായണം നടത്തുവാൻ. വെറുതെ നിലങ്ങളിൽ വേഗത്തിൽ ഓടിനടന്നാൽ അവിടെ മറയ്ക്കപ്പെട്ടു ഇരിക്കുന്ന വിലപിടിപ്പുള്ളതിനെ കാണുവാൻ കഴിയുകയില്ല. എന്നാൽ ആഴത്തിൽ കുഴിച്ച്

വളരെ വിലയുള്ള സ്വർണ്ണത്തെ കണ്ടെത്തണം. ആശീർവദിക്കപ്പെട്ടതുമായ വചനപ്രകാരമുള്ള താ യി രി ക്കണം നമ്മുടെ ഹൃദയവും ജീവിതവും. നാം അറിഞ്ഞിരിക്കുന്നതു പോലെ വചനം മനസ്സിലാക്കുവാൻ വളരെ ബുദ്ധുമുട്ടേറിയതാണ്. അത് ജ്ഞാനത്തിന്റെ നല്ല ആത്മാവിന്റെ താകയാൽ ഹൃദയത്തിലും, മനസ്സിലും, മന സാക്ഷിയിലും. അതുകൊണ്ട് തിരുവചന പഠനം എന്നത് സ്വയം ത്യജിക്കൽ പ്രവർത്തിയുടെ അടിസ്ഥാനത്തിലാണ് സംഭവിക്കുന്നത്.

മനോഹരമായ 119-ാം സങ്കീർത്തനങ്ങളിൽ, വചനത്തെ സ്നേഹിക്കുന്ന ഒരുവന്റെ മനോഭാവത്തെക്കുറിച്ചും അച്ചടക്ക ജീവിതത്തെ കുറിച്ചു ഉള്ള നല്ല വിശദീകരണം നാം കാണുന്നു. “ നിന്റെ വചനം പ്രമാണിക്കേണ്ടതിനു ഞാൻ സകല ദുർമാർഗ്ഗത്തിൽ നിന്നും കാൽ വിലക്കുന്നു, ദുരാദായത്തിലേയ്ക്കല്ല, നിന്റെ സാക്ഷ്യങ്ങളിലേക്കു തന്നേ എന്റെ ഹൃദയം ചായുമാറാക്കേണമേ ഇരുമനസ്സുള്ളവരെ ഞാൻ വെറുക്കുന്നു. എന്നാൽ നിന്റെ ന്യായപ്രമാണം എനിക്കു പ്രീയമാകുന്നു (വാക്യങ്ങൾ 101,36,113). വചനത്തിൽ മറയ്ക്കപ്പെട്ടിരിക്കുന്നതിനെ കണ്ടെത്തുവാൻ ആഗ്രഹിക്കുന്നവൻ പ്രാർത്ഥിക്കുന്നു. “ തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ ” (സങ്കീ. 19:12).

വചനം എന്തൊക്കെ ആയിരുന്നാലും അതു ക്രിസ്തുവും ആയിട്ടുള്ള ബന്ധത്തിലാണ് ഇരിക്കുന്നത്. ദൈവവചനം സത്വരമായതും അതായത് ജീവനുള്ളതും ആകുന്നു. ഇത് എന്തുകൊണ്ടെന്നാൽ ജീവിതം ക്രിസ്തു ആയതുകൊണ്ടാണ്. ഇത് ശക്തിയുള്ളതാണോ? ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാൾ മൂർച്ചയേറിയതാണോ ഇത് പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളേയും വേർവിടുവിക്കുന്നതുവരെ തുളെച്ചു ചെല്ലുന്നതും ആണോ? ഇത് എന്തുകൊണ്ടെന്നാൽ യിസ്രായേലിൽ അനേകർ വീഴുകയും വീണ്ടും എഴുന്നേൽക്കുകയും ചെയ്യുന്നത് ക്രിസ്തുവിൽ കൂടെ ആണ്. അതായത് ക്രിസ്തു വേർതിരിക്കുകയാണ്. ദൈവപുത്രൻ എന്ന് പറഞ്ഞ് പശ്ചാത്തപിക്കുന്ന പത്രോസിനെയും മനുഷ്യന്റെ കാര്യങ്ങളെ മനസ്സിലാക്കുകയും ചെയ്യുന്ന പത്രോസിനേയും.

ഹൃദയത്തിലെ ലക്ഷ്യങ്ങളെയും ചിന്തകളെയും വിവേചിച്ച് അറിയുന്നതാണോ? ഇത് എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന് അറിയാം എന്താണ് മനുഷ്യൻ എന്ന്, എന്തുകൊണ്ടെന്നാൽ അത്തിമരത്തിന്റെ ചുവട്ടിൽ ഇരുന്ന നഥനയേലിനെ അവൻ കാണുകയും അവൻ വിവേചിച്ച് അറിയുകയും ഹൃദയത്തിൽ തിന്മ ചിന്തിക്കുന്ന ഒരു പരീശൻ ആണെന്നു മനസ്സിലാക്കുന്നു. വചനത്തെക്കുറിച്ച് ഇപ്രകാരം ആണ് പറഞ്ഞിരിക്കുന്നത്. “അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത് ” (എബ്രാ. 4:13). എന്തുകൊണ്ടെന്നാൽ ഈ സംസാരിക്കപ്പെട്ടതു എഴുതപ്പെട്ടതുമായ വചനം ക്രിസ്തുവുമായിട്ട് താദാത്മ്യം ചെയ്യപ്പെട്ടതാണ്, അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെ പ്രകാശിക്കുന്നതും, മനുഷ്യ പുത്രനെയാണ് പിതാവ് സകല ന്യായവിധിയും ഏല്പിച്ചിരിക്കുന്നതും.

വചനം ശുദ്ധമായ പാൽ പോലയാണ് സംസാരിക്കപ്പെട്ടിരിക്കുന്നത്, ആത്മാവിന് ആവശ്യമായ പോഷാകാഹാരമുള്ള ഭക്ഷണവും ആകുന്നുവോ? എന്തുകൊണ്ടെന്നാൽ ക്രിസ്തു ജീവന്റെ അപ്പം ആകുന്നു. അന്ധകാരത്തിൽ പ്രകാശമാകുന്ന വെളിച്ചമായിട്ടാണോ ഇതിനെ പറഞ്ഞിരിക്കുന്നത്? ഇത് എന്തുകൊണ്ടെന്നാൽ ക്രിസ്തുവാണ് ജ്ഞാനം? തിരുവചനത്തിന്റെ ആവശ്യഘടകം ആയിരിക്കുന്നത് ആരൊക്കയാണോ ജീവിതത്തിന്റെയും ദൈവീകത്വത്തിനെയും സാരാംശം മനസ്സിലാക്കി അതിനെ അനുഭവിച്ചറിയുവാൻ ശ്രമിക്കുന്നതെന്നുള്ളതാണ്. ആത്മാവ് കണ്ടെത്തിയിരിക്കുന്ന യേശുക്രിസ്തുവിനെ തിരുവചനത്തിൽ കാണുന്നു എല്ലായ്പ്പോഴും അതിൽ കൂടിയും.

യേശു ആകുന്ന വാതിലിൽ കൂടിയാണ് നമുക്ക് വചനത്തിന്റെ പരിശുദ്ധിയിലേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നത്. നാം യേശുവിലേക്കു വരുമ്പോൾ വചനത്തിന്റെ അവകാശത്തിലേക്കാണ് പ്രവേശിക്കുന്നത്. അവനിലാണല്ലോ നിത്യജീവന്റെ തിരുവചനങ്ങൽ ഉള്ളത്. അവയൊക്കെയും അവന്നുള്ളതാണ്. അവനുമാത്രമേ വചനത്തെ നല്കുവാൻ കഴിയുകയുള്ള (യോഹ. 17:14). നമുക്ക് അവനിൽ കൂടിയാണ് വചനം ഉള്ളത്, അവനിൽ ആണ്, അതുകൊണ്ട് നാം അവനെ തിരുവചനത്തിൽ എല്ലാ ഇടങ്ങളിലും കാണുന്നു. ❖

പ്രാർത്ഥനയിൽ ശക്തി

By Charles H. Spurgeon (1834 - 1892

“ നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു കിട്ടും ” (യോഹ. 15:7).

എന്തുകൊണ്ടാണ് ക്രിസ്തുവിൽ വസിക്കുന്നവരിൽ ഈ അസാധാരണമായ പ്രാർത്ഥനയുടെ ശക്തി ഉള്ളത്? വലിയ വിലയുള്ള ഈ മുത്തിന്റെ കാര്യം ഞാൻ എന്ത് ആയിരിക്കാം നിങ്ങളോടു മഹത്തായ ഇതിനെ നേടി എടുക്കുന്നതിനായിട്ടുള്ള ഏതു ഉദ്യമമാണെന്നാണ് പറഞ്ഞ് പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുന്നത്! എന്തുകൊണ്ടാണ് ഇത് ആകുന്നത്, ക്രിസ്തുവിൽ വസിക്കുന്നതിനാലും അതുപോലെ അവന്റെ വചനം നമ്മിൽ വസിക്കുന്നതിനാലും നമുക്ക് പ്രാർ ത്ഥനയിൽ സ്വാതന്ത്ര്യവും പ്രാധാന്യവും ലഭിക്കുന്നത്

ക്രിസ്തുവിന്റെ പൂർണ്ണത

ഞാൻ ഉത്തരം നല്കാം, ആദ്യം ഇത് എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ പൂർണ്ണത ആകുന്നതു കൊണ്ടാണ്. നിങ്ങൾ വളരെ ശക്തിയോടെ ചോദിച്ചേക്കാം നിങ്ങൾ ക്രിസ്തുവിൽ വസിക്കുമ്പോൾ നിങ്ങൾ എന്തായിരിക്കാം എന്ന്, എന്തുകൊണ്ടെന്നാൽ നിങ്ങൾ എന്തെല്ലാം ആവശ്യപ്പെടുന്നുവോ അതെല്ലാം നേരത്തേ തന്നേ അവനിൽ ഉണ്ടായിരിക്കുന്നു. ഗുഡ് ബിഷപ്പ് ഹാൾ, തന്റെ പ്രശസ്തമായി തീർന്ന ഒരു ലേഖന ഭാഗത്ത് ഇതിനെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നുണ്ട്. ഞാൻ ഇതിന്റെ സാരാംശം നല്കാം. താങ്കൾക്ക് കൃപയുടെ ആത്മാവ് ലഭിക്കുന്നതിനായിട്ട് ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ കർത്താവിന്റെ അഭിഷേകത്തിലേയ്ക്കു പോകുക. താങ്കൾ വിശുദ്ധിയെ അന്വേഷിക്കുന്നുവോ? അവന്റെ മന്ദരിത്തിലേയ്ക്കു പോകുക. താങ്കൾ പാപത്തിൽ നിന്നുള്ള മോചനം ആഗ്രഹിക്കുന്നു വോ? അവന്റെ രക്തത്തിലേക്കു നോക്കുക. താങ്കൾക്ക് പാപത്തിന്റെ അവഹേളനം ആവശ്യമുണ്ടോ? അവന്റെ ക്രൂശീകരണത്തിലേക്കു നോക്കുക. ലോകത്തിലേയ്ക്ക് നിങ്ങളെ കുഴിച്ചിടേണ്ടത് ആവശ്യം ആണോ? അവന്റെ ശവകുടീരത്തിങ്കലേയ്ക്കു പോകുക. സ്വർഗ്ഗീയ ജീവന്റെ പൂർണ്ണത താങ്കൾക്ക് ആവശ്യമാണോ? അവന്റെ ഉയിർപ്പ് കാണുക. ലോകത്തിന്റെ മീതെ താങ്കൾ എഴുന്നേൽ ക്കുമോ? അവന്റെ

സ്വർഗ്ഗാ രോഹണം രേഖപ്പെടുത്തുക. താങ്കൾ സ്വർഗ്ഗീയ വസ്തുതകളെ കുറിച്ച് ധ്യാനിക്കുമോ? ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുമോ? ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്ന അവനെക്കുറിച്ച് ഓർക്കുകയും അതുപോലെ അറിയുകയും ചെയ്യുക". " ക്രിസ്തു യേശുവിൽ നമ്മെകുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിനു " (എഫെ. 2:6).

പ്രീയരെ, "അവനിൽ സർവ്വ സമ്പർണ്ണതയും വസിപ്പാനും" (കൊലൊ. 1:19) പിതാവിന്റെ നല്ല സന്തോഷങ്ങൾ എല്ലാം നമ്മുടെയും നല്ല സന്തോഷങ്ങളാണ്. യേശുവിൽ നിന്നു സകലതും സ്വീകരിക്കുന്നതിൽ നാം സന്തോഷം ഉള്ളവരാണ്. നമുക്ക് ഒരു തീർച്ചമനോഭാവം ഉണ്ട്, ചോദിക്കുന്നത് നമുക്ക് ലഭിക്കുമെന്നുള്ള അവൻ അതു നിവർത്തിച്ച് തന്നുകൊണ്ടിരിക്കുന്നതിനാൽ.

വചനത്തിന്റെ ശക്തി

അടുത്ത കാരണം എന്താണെന്ന് ചോദിച്ചാൽ ഇത് ദൈവവചനത്തിന്റെ ധനമാഹാത്മ്യം ആയതുകൊണ്ടാണ്. ഈ ചിന്ത നിങ്ങൾ എടുക്കുക. " നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും ". നല്ല പ്രാർത്ഥന മനുഷ്യൻ ആരാണോ അവൻ ആയിരിക്കും ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വളരെ നല്ല നിലയിൽ പരിചയമുള്ളവനായിരിക്കുന്നത്. അതിന്റെ ശേഷം പ്രാർത്ഥന എന്നാൽ ഒന്നുമില്ല. എന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അവൻ എടുത്തിട്ട് അവനോടു തിരികെ പറയുന്നതാണിത്, നീ പറഞ്ഞതുപോലെ ചെയ്യുക. പ്രാർത്ഥന എന്നാൽ വാഗ്ദത്തങ്ങളെ വിനിയോഗിക്കുക എന്നാണ്. പ്രാർത്ഥന അത് വാഗ്ദത്തങ്ങളെ അടിസ്ഥാനപ്പെടുത്തിയതല്ലെങ്കിൽ അതിന് ഒരു ശരിയായ അടിസ്ഥാനം ഇല്ലെന്നാണ് യാഥാർത്ഥം. ഞാൻ ബാങ്കിൽ ഒരു ചെക്ക് ലീഫ് ഇല്ലാതെ പോയാൽ ഞാൻ പണം ബാങ്കിൽ നിന്ന് പ്രതിക്ഷീക്കേണ്ടതില്ല. ഇതാണ് നല്കുവാനുള്ള ആജ്ഞ ബാങ്കിൽ എ ന്റെ അധികാരം ഉള്ളപ്പോൾ തന്നേ ലഭിക്കുമെന്നുള്ള എന്റെ ഉറപ്പു കൂടിയാണിത്.

ഓ പ്രിയപ്പെട്ടവരേ, ദൈവ വചനത്താൽ നിറയപ്പെടുക, യേശു എന്താണ് പറഞ്ഞതെന്ന് പഠിക്കുക, ദൈവീകമായിട്ട് പ്രചോദിക്കപ്പെട്ട ഈ പുസ്തകത്തിൽ പരിശുദ്ധാത്മാവ് എന്താണ് രേഖപ്പെടുത്തിയിരിക്കുന്നതു അതുപോലെ നാം ബലപ്പെട്ടിരിക്കുന്ന ദൈവവചനവും നിറയപ്പെട്ടിരിക്കുന്ന വചനവും തമ്മിലുള്ള അനുപാതവും നിങ്ങളുടെ വിശ്വാസത്തിനായിട്ടു സൂക്ഷിച്ചിരിക്കുന്ന വചനവും നിങ്ങളുടെ ജീവിതത്തിന്റെ വചനത്തെ അനുസരിക്കേണ്ടതു ഈ നിലയിലുള്ള അനുപാതത്തിൽ പ്രാർത്ഥന എന്ന കലയുടെ മാസ്റ്റർ ആയിരിക്കും താങ്കൾ!

ഒരു മനുഷ്യൻ പ്രാർത്ഥനയാൽ വൻ കാര്യങ്ങൾ നേടി അവന്റെ വിശ്വാസം ബലമുള്ളതായിട്ട് ഇരിക്കുമ്പോൾ ഇതു തന്നേയാണ് കാര്യം യേശുവിൽ വസിക്കുന്നവരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. വിശ്വാസത്താൽ പ്രാർത്ഥനയിൽ കൂടി കാര്യങ്ങൾ നടപ്പിലാക്കുന്നത്. പ്രാർത്ഥനുടെ ശരിയായ വാചകങ്ങൾ പോലും ഒരു വിശ്വാസിക്കുള്ള വലിയ ആഗ്രഹമാണ്. "നിന്നാൽ കഴിയും എങ്കിൽ എന്നോ വിശ്വസിക്കുന്നവനു സകലവും കഴിയും എന്നു പറഞ്ഞു " (മർ. 9:23). ഒരു മനുഷ്യൻ ക്രിസ്തുവിൽ വസിക്കുമ്പോൾ ക്രിസ്തുവിന്റെ വചനങ്ങൾ അവനിലും വസിക്കുന്നു. അങ്ങനെയുള്ളവർ ഒരു ശ്രേഷ്ഠമായ ഒരു വിശ്വാസിയും തൽഫലമായിട്ട് ശ്രേഷ്ടമായിട്ട് പ്രാർത്ഥനയിൽ വിജയശ്രീലാളിതനായിരിക്കുകയും ചെയ്യുന്നു. അവനു നല്ല ശക്തമായ വിശ്വാസം ഉണ്ട്. എന്തുകൊണ്ടെന്നാൽ അവന്റെ വിശ്വാസം യേശുവും ആയിട്ട് ഒരു നല്ല സുചേതനമായ ബന്ധത്തിലേയ്ക്ക് എത്തിച്ചേർക്കുകയും അങ്ങനെ അവൻ, അനുഗ്രഹങ്ങളുടെ എല്ലാ ഉറവുകളിൽ നിന്നും തൃപ്തിയാകവോളം പാനം ചെയ്യുകയും ചെയ്യുന്നു.

അധിവസിക്കുന്ന ആത്മാവിന്റെ സഹായം

അങ്ങനെയുള്ള മനുഷ്യൻ ഒരിക്കൽ കൂടി, ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിന്റെ ഉടമസ്ഥതയിലാണ്. നാം ക്രിസ്തുവിൽ വസിക്കുന്നു എങ്കിൽ അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുന്നു എങ്കിൽ, അപ്പോൾ പരിശുദ്ധാത്മാവ് വന്നിട്ട് നമ്മിൽ താമസം തുടങ്ങുകയും ചെയ്യും. എന്ത് നല്ല സഹായമാണ് പ്രാർത്ഥനയിൽ നമുക്ക് ഉണ്ടാകേണ്ടത്? ഇത് ഒരു അത്ഭുതകരമായ കാര്യമല്ല പരിശുദ്ധാത്മാവ്, അവൻ തന്നേ, വിശുദ്ധന്മാരുടെ ജീവിതത്തിൽ മദ്ധ്യസ്ഥ ദൈവത്തിന്റെ ഹിതത്തിൽ ചെയ്യുന്നത്. " അവൻ ആത്മാവ് തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു " (റോമ. 8:26). മനുഷ്യന്റെ മനസ്സിനെ രക്ഷിക്കുവാൻ മനുഷ്യന്റെ ആത്മാവിനെ കുറിച്ച് എന്താണ് മനുഷ്യൻ അറിഞ്ഞിരിക്കുന്നത്? ദൈവാത്മാവിന് അറിയുവാൻ കഴിയുന്നു. ദൈവത്തിന്റെ മനസ്സു അവൻ നമ്മിൽ പ്രവർത്തിക്കുന്നു ദൈവത്തിന്റെ ഹിതം അതു നമ്മുടെയും ഹിതമാകുവാനും, അങ്ങനെ വിശ്വസിക്കുന്ന ഒരു മനുഷ്യന്റെ പ്രാർത്ഥന ദൈവത്തിന്റെ ഉദ്ദിഷ്ട കാര്യം ഒരു ദർപ്പണം പോലെ ആത്മാവിൽ പ്രതിഫലിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു.

അനശ്വരമായ ദൈവകല്പനകൾ എന്താണ് ദൈവം ചെയ്യുവാൻ താല്പര്യപ്പെടുന്നത് അത് അവൻ അവന്റെ വേലക്കോരോടു പറയുകയും അവനോടു നിന്റെ ഹിതം പ്രവർത്തിക്കുക എന്ന് ആവശ്യപ്പെടുവാനുള്ള താല്പര്യം അവരിൽ ഉണ്ടാക്കുകയും അങ്ങനെ അവൻ എന്താണോ പ്രവർത്തിക്കുവാനുള്ള എന്നതിന്റെ തീരുമാനം എടുക്കുകയും ചെയ്യുന്നു. ദൈവം പറയുന്നു, " യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു. യിസ്രായേൽ ഗൃഹം എന്നോടു അപേക്ഷിച്ചിട്ട് ഞാൻ ഒന്നുകൂടെ ചെയ്യും ഞാൻ അവർക്ക് ആളുകളെ ആട്ടിൻകൂട്ടത്തെപ്പോലെ വർദ്ധിപ്പിച്ചു കൊടുക്കും " (യെഹെസ്. 36:37). എത്രയോ വ്യക്തമാണ് ഇത് അതായത് നാം ക്രിസ്തുവിൽ വസിക്കുന്നു എങ്കിൽ അതുപോലെ അവന്റെ വചനങ്ങളാൽ നമ്മിലും വസിക്കുന്നുവെങ്കിൽ നാം എന്താണോ ആവശ്യപ്പെടുന്നത് അത് നമുക്ക് ലഭിക്കും. എന്തുകൊണ്ടെന്നാൽ നാം ആവശ്യപ്പടുന്നത് അത് ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നതിനു അനുസരിച്ചാണല്ലോ.

നാം ക്രിസ്തുവിന്റെ ഭാഗം

പ്രീയരെ, നാം അറിയുന്നില്ല അതായത് എപ്പോഴാണ് ക്രിസ്തു നമ്മിൽ വസിക്കുന്നതെന്നും അതുപോലെ അവന്റെ വചനങ്ങളും നമ്മിൽ വസിക്കുന്നത് പിതാവ് അവന്റെ പ്രീയ പുത്രനിൽ നോക്കുന്നു അത് കണ്ണുകൾകൊണ്ട് നമ്മെയും നോക്കുന്നുണ്ടല്ലോ? ക്രിസ്തു ആണ് മുന്തിരി ചെടി, ആ മുന്തിരി ചെടി അതിന്റെ ശാഖകളെ വഹിക്കുന്നതാണ്. ശാഖകൾ എല്ലാം തന്നേ മുന്തിരി ചെടിയുടെ ഭാഗം ആണ്. ദൈവം, അതുകൊണ്ട്, നമ്മെ നോക്കുന്നതു ക്രിസ്തുവിന്റെ ഭാഗം ആണല്ലോ എന്ന നിലയിലാണ്. ആ ശരീരത്തിലോ അംഗങ്ങൾ, അവന്റെ മാംസത്തിന്റെയും അവന്റെ അസ്ഥികളുടെയും. അങ്ങനെ ഉള്ളതാണ് പിതാവിന്റെത്. യേശുവിലുള്ളതും ഒന്നുമില്ലാത്തവനെപ്പോലെ ഉപേക്ഷിച്ചതും. അവൻ മരിക്കുമ്പോൾ അനുസരണം ഉള്ളവനായി

ദൈവികത്വമായ ശക്തി

By Charles H. Spurgeon

" ദൈവപ്രീയമില്ലാതെ ഭോഗപ്രീയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി തൃജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക" (2തിമൊ. 3:5).

എന്താണ് ആ ശക്തി? ദൈവം തന്നെയാണ് ദൈവീകത്വത്തിന്റെ ശക്തി. പരിശുദ്ധാത്മാവ് ജീവിതം അതിലേക്കു നയിക്കുകയും ചെയ്യുന്നു. ദൈവീകത്വമായ ശക്തി മനുഷ്യരെ ജദൈവത്തിങ്കലേക്കു കൊണ്ടുവരുകയും അവരെ അവരുമായിട്ട് കൂട്ടി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ദൈവികത്വത്തിലൂടെയാണ് പശ്ചാത്തപത്തെ ദൈവമുമ്പാകെ ഉളവാക്കുകയും അവനിൽ വിശ്വസിക്കുവാൻ സഹായിക്കുന്നത്. ദൈവീകത്വം എന്നത് ദൈവത്തോടുള്ള ബന്ധത്തിലും ഒരുവന്റെ ഹൃദയത്തിൽ ഉണ്ടാകുന്ന ഒരു വലിയ മാറ്റത്തിന്റെ പലമാണിത്. ദൈവീകത്വം ദൈവത്തിലേയ്ക്ക് നോക്കുകയും അതുപോലെ അവനിൽ നിന്നു അകന്നുപോകുമ്പോൾ കരയുകയും ചെയ്യുന്നു. ദൈവീകത്വം ദൈവത്തിന്റെ ഭവനത്തിൽ ഒരുവൻ എത്തിച്ചേരുന്നതുവരെ വിശ്രമം എടുക്കാതെ അവന്റെ അടുക്കലേക്കു നയിക്കുന്നു.

ദൈവീകത്വമാണ് ഒരുവനെ ദൈവത്തെപോലെ ആകുവാൻ സഹായിക്കുന്നത്. ദൈവീകത്വമാണ് ഒരുവനെ ദൈവത്തെ സ്നേഹിക്കുവാനും അവനുവേണ്ടി വേല ചെയ്യുവാൻ ശക്തീകരിക്കുകയും ചെയ്യുന്നത്. ഇത് ദൈവഭയത്തെ അവന്റെ കണ്ണിന്റെ മുമ്പിൽ കൊണ്ടുവരുകയും ദൈവസ്നേഹം ഹൃദയത്തിൽ നിറയപ്പെടുകയും ചെയ്യും. ദൈവികത്വമാണ് ഒരുവനെ സമർപ്പണത്തിലേയ്ക്കു നയിക്കുന്നത്, വിശുദ്ദീകരണത്തിലേയ്ക്കു അതുപോലെ ശ്രദ്ധയിലേയ്ക്കും. ദൈവമനുഷ്യൻ ആദ്യം ദൈവ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുകയും അതോടുകൂടി ബാക്കിയുള്ള സകലവും അതിനോടുകൂടി ചേർക്കുകയും ചെയ്യുന്നു. ദൈവവും ആയിട്ട് കൂട്ടായ്മ ഉണ്ടാക്കുന്നത് അത് ദൈവീകത്വത്തിൽ കൂടിയാണ്. അതുപോലെ തന്നെ ദൈവവും ആയിട്ടുള്ള ഒരു പങ്കാളിത്തത്തിലേയ്ക്കു ഒരുവൻ പ്രവേശിക്കുകയാണ്. ദൈവഇഷ്ടത്താൽ രൂപകല്പന ചെയ്തതിലേക്ക്. അത് അവനെ ദൈവവും ആയിട്ടു എന്നന്നേക്കും വസിക്കുവാനും സഹായിക്കുന്നു.

അനേകർക്കു ഉള്ള ഈ ദൈവീകത്വം അത് തികച്ചും അപരിചിതമായ നിലയിൽ ആണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതായത് ലോകത്തിന്റെതായി മതകാര്യങ്ങൾക്കും, യാന്ത്രികമായിട്ടുള്ള പ്രാർത്ഥനകൾ, സമൂഹത്തിൽ ഒരു തരത്തിലും എന്നാൽ രഹസ്യജീവിതത്തിൽ വേറൊരു തരത്തിലും. എന്നാൽ ശരിയായിട്ടുള്ള ദൈവീകത്വം അത് ആത്മീകമായ ശക്തിയിലാണ് നിലനിൽക്കുന്നത്. അതുപോലെ ആർക്കോണോ ഇത് ഇല്ലാത്തത് അവർ ജീവനോടെ ഇരിക്കുമ്പോൾ തന്നേ മരിച്ചതിനു തുല്യമാണ്.

ഞാൻ നിങ്ങൾക്ക് ഒരു ഗുണദോഷത്തിന്റെ വാക്ക് പറയട്ടെ. തിരുവചനത്തിൽ നിന്ന് നാം പഠിക്കുമ്പോൾ അത് നമ്മെ ദൈവീകത്വത്തിന്റെ മൂല്യം എന്താണെന്ന് ഗ്രഹിപ്പിക്കുന്നു. ഇതിൽ ആ രൂപം ഉണ്ടല്ലോ. അതായത് ദൈവീകത്വത്തിന്റെ അത് ഒരിക്കലും ആകുന്നില്ല. അനുഗ്രഹിക്കപ്പെട്ട ശക്തി എന്നതിന്റെ വിഷയത്തിൽ പരിശുദ്ധാത്മാവ് ആണ് ആ ശക്തി. അവനാണ് നിങ്ങളിൽ ദൈവത്തിന് നല്ല പ്രസാദമുള്ളവ ചെയ്യുവാൻ നിങ്ങളെ താല്പര്യമുള്ളവരാക്കുന്നതും. പ്രീയപ്പെട്ട ആത്മാക്കളേ, യേശുക്രിസ്തുവിങ്കലേക്കു കടന്നുവരൂ. ശുശ്രൂഷകന്റെ അടുക്കലേയ്ക്കു അല്ല പോകുവാനുള്ളത്, അല്ലെങ്കിൽ പള്ളിയിലേക്ക് അല്ല വരാനുള്ളത് ആദ്യം എന്നാൽ യേശുവിന്റെ അടുക്കലേയ്ക്കു വരൂ. അവന്റെ പാദത്തിങ്കലേക്കു നിങ്ങൾ കടന്നു വന്നിട്ട് ഇപ്രകാരം പറയുക, ദൈവമേ, അവിടുന്ന് എന്നെ ആശ്വസിപ്പിക്കാതെ എനിക്ക് ആശ്വാസം ഉണ്ടാകുന്നില്ല. ആദ്യം തന്നേ നിങ്ങൾ ക്രൂശിക്കപ്പെട്ട കർത്താവിന്റെ സമീപത്തേക്കു കടന്നുവരുക. അപ്പോൾ നിങ്ങൾക്ക് അറിയാം ദൈവീകത്വത്തിന്റെ ശക്തി.

❖

(7-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ ശക്തി

തീർന്നു. അതായത് ക്രൂശിലെ മരണം ഏൽക്കുവാൻ തയ്യാറായി. അതുകൊണ്ട് പിതാവ് തന്റെ പുത്രനെ സ്നേഹിക്കുന്നത് ഒരു ദൈവമനുഷ്യ മദ്ധ്യനായിട്ടും അതുപോലെ അവന്റെ എല്ലാം യാചനകളും ആവശ്യങ്ങളിലും അവിടുന്നു അവൻ അതു നല്കുകയും ചെയ്യുന്നു. അങ്ങനെ ആയിരിക്കുമ്പോൾ, എപ്പോഴാണോ ഞാനും നിങ്ങളും ഒരു ശരിയായ ഐക്യതയിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നത്, ദൈവമായ കർത്താവ് നമ്മെ നോക്കുന്നതുപോലെ തന്നെയും യേശുവിനെ അവിടുന്നു നോക്കുന്നു. എന്നിട്ട് നമ്മോടു പറയുകയാണ്, ഞാൻ നിന്നെ ഒന്നും ഇല്ലാത്തവനെപ്പോലെ ഉപേക്ഷിച്ചു: നീ ചോദിക്കു എന്താണ് നിനക്കു ആവശ്യം ആയിട്ടുള്ളത്, അത് ഞാൻ നിനക്കു നല്കിതരും? അങ്ങനെ ഞാൻ ഈ ഭാരം മനസ്സിലാക്കുമോ?

ഞാൻ താങ്കളുടെ വിലയേറിയ ശ്രദ്ധയെ ക്ഷണിക്കുകയാണ്, " പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു" (യോഹ. 15:9). ഇതേ സ്നേഹം തന്നേയാണ് പിതാവ് തന്റെ പുത്രനിൽ കാണിച്ചത്. പുത്രൻ നമുക്ക് നല്കുന്നു! അതുകൊണ്ട് നാം പിതാവിന്റെയും പുത്രന്റെയും സ്നേഹത്തിൽ വസിക്കുന്നവരാണ്. നമ്മുടെ പ്രാർത്ഥനകൾ എങ്ങനെയാണ് തിരസ്ക്കരിക്കപ്പെടുന്നത്? അനന്തമായ സ്നേഹത്തിന്റെ ദാതാവായവൻ നമ്മുടെ അപേക്ഷകൾ മാനിക്കാതിരിക്കുമോ? ഓ, ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, താങ്കളുടെ പ്രാർത്ഥന വിഷയങ്ങൾ സിംഹാസനത്തിൽ വേഗത്തിൽ എത്തിച്ചേർന്നില്ലെങ്കിൽ, സംശയിക്കേണ്ടി ഇരിക്കുന്നു. അവിടെ ചില പാപങ്ങൾ തടസ്സമായിട്ടു പ്രവർത്തിക്കുന്നു എന്നുള്ള കാര്യം നിങ്ങളുടെ പിതാവിന്റെ സ്നേഹം ഇവിടെ പ്രകടമാകുന്ന വളരെ അത്യാവശ്യമായ ഒരു ശിക്ഷണത്തിൽ കൂടി നന്നാക്കി എടുക്കുന്ന ഒരു രീതിയാണ്.

അവന്റെ ഏതെങ്കിലും വചനങ്ങൾ താങ്കൾ ബോധപൂർവ്വം അനുസരിക്കാതെ ഇരിക്കുന്നുവെങ്കിൽ , പ്രാർത്ഥന പരാജയത്തിനുള്ള ഒരു പ്രധാന കാരണം ഇതല്ലെ? എന്നാൽ ക്രിസ്തുവിൽ വസിക്കുകയും അവന്റെ വചനത്തിൽ മുറുകം പിടിക്കുകയും അങ്ങനെ അവിടുത്തെ ശിഷ്യന്മാരായി ഒരുമിച്ച് ആയിതീരുകയും അങ്ങനെ നിങ്ങൾ അവനെ കേൾക്കുന്നവരായിട്ട് തീരും. യേശുവിന്റെ പാദപീഠത്തിൽ ഇരിക്കുകയും അവന്റെ വചനങ്ങളെ കേൾക്കുകയും, നിങ്ങളുടെ കണ്ണുകളെ പ്രിയപ്പെട്ട അവന്റെ മുഖത്തേക്കു നോക്കിയിട്ട് പറയുക, എന്റെ കർത്താവേ, ഇപ്പോൾ എന്നെ കേൾക്കുക. അവൻ നിങ്ങൾക്ക് ഔദാര്യമായിട്ടു ഉത്തരം അരുളും. അവൻ നിങ്ങളോടു പറയും, "പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" (2കൊരി. 6:2).. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതി ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു (യോഹ. 15:7). എന്തുകൊണ്ടെന്നാൽ കൃപാസനത്തിന്റെ ശക്തി

❖